**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : 0471-2724696
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി. 30.05.2022

# സർക്കുലർ

**പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,**

വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ ഹോണറേറിയം/വേതനം വർദ്ധിപ്പിക്കുന്നതിന് 2022 മെയ് 7-ാം തീയതി ചേർന്ന ഗവേർണിംഗ് ബോഡി യോഗം തീരുമാനിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ബി.ആർ.പി. ഇൻചാർജ്ജ്മാരായി സേവനമനുഷ്ഠിക്കുന്നവരുടെ വേതനവർദ്ധനവുമായി ബന്ധപ്പെട്ട സംശയം ഉന്നയിക്കുകയുണ്ടായി. ബി.ആർ.പി. ഇൻചാർജ്ജ് എന്നത് ഒരു തസ്തിക അല്ല എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ബി.ആർ.പി.ഇൻചാർജ്ജ്മാർക്ക് പ്രതിദിനം വി.ആർ.പിമാർക്ക് അനുവദിച്ചിട്ടുള്ള 500/- (അഞ്ഞൂറ്) രൂപയാണ് അർഹമായിട്ടുള്ളത്. എന്നാൽ മൂന്നോ നാലോ വി.ആർ.പിമാർ പ്രവർത്തിക്കുന്ന ബ്ലോക്കുകളിൽ ഒരേ സമയം രണ്ടോ മൂന്നോ ഗ്രാമപഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടിവരുന്നതു കണക്കിലെടുത്തുകൊണ്ട് ഒരുമാസം ഏറ്റവും കുറഞ്ഞത് 20 ഗ്രാമസഭകളെങ്കിലും പൂർത്തിയാകുന്ന ബ്ലോക്കുകളിലെ ബി.ആർ.പി.ഇൻചാർജ്ജ്മാർക്ക് പ്രതിമാസം 2000/-(രണ്ടായിരം രൂപ) യാത്രപ്പടിയായി അനുവദിക്കുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

**കോപ്പി:**

1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ-ഇൻചാർജ്ജ്മാർക്കും

തിരുവനന്തപുരം
30.05.2022.